**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 168** **27-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാനസികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണത്തിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തനത്തിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളുടേയും നവീകരണത്തിനായി വിഭാവനം ചെയ്തിട്ടുള്ള മാസ്റ്റർ പ്ലാനുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനു പുറമെ സെക്യൂരിറ്റി സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും ,ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ സുരക്ഷ ആവശ്യമായ ഫോറൻസിക് വാർഡുകൾ അതാത് ജയിലുകളിലേക്ക് മാറ്റാനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുവഴി തടവുകാരായ രോഗികൾക്ക് കൂടുതൽ സുരക്ഷിതമായ സാഹചര്യത്തിൽ ചികിത്സ ഉറപ്പാക്കുവാനും, മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ച് രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട പരിചരണം ഉറപ്പാക്കുവാനും കഴിയും. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങൾ ഏത് വർഷമാണ് നിലവിൽ വന്നതെന്നറിയിക്കുമോ; | (ബി) | തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രം 1870 -ലാണ് ആരംഭിച്ചിട്ടുള്ളത് .തൃശ്ശൂർ സർക്കാർ മാനസികാരോഗ്യ കേന്ദ്രം 1889 -ലാണ് നിലവിൽ വന്നത്. പ്രസ്തുത ആശുപത്രി സർക്കാർ ഏറ്റെടുത്തിട്ടുള്ളത് 1956 ലാണ്.ഗവ.മാനസികാരോഗ്യ കേന്ദ്രം കോഴിക്കോട് 1872ലാണ് നിലവിൽ വന്നത്. |
| (സി) | മാനസികരോഗം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ പുതിയ മാനസികരോഗ ആശുപത്രികൾ സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | കിടത്തി ചികിത്സ പരമാവധി ഒഴിവാക്കി, മാനസിക രോഗങ്ങൾ പ്രാഥമിക ഘട്ടത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ ചികിത്സയും തുടർ ചികിത്സയും ഉറപ്പ് വരുത്തുന്ന സാമൂഹ്യ മാനസികാരോഗ്യ(കമ്യൂണിറ്റി |

| | | | |
|---|---|---|---|
| | | | മെന്റൽ ഹെൽത്ത് ) ചികിത്സയ്ക്കാണ് ലോകാരോഗ്യ സംഘടന പ്രാമുഖ്യം കൊടുക്കുന്നത്. ഇതനുസരിച്ച് 2017-18 മുതൽ മാനസികാരോഗ്യ പരിപാടി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ,സൈക്യാട്രിസ്റ്റുകൾ ഇല്ലാത്ത താലൂക്ക് ആശുപത്രികളിലുമായി 284 മാനസികാരോഗ്യ ക്ലിനിക്കുകൾ മാസംതോറും നടത്തിവരുന്നു. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ,സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധടീമിന്റെ സേവനമാണ് ഇത്തരത്തിൽ മാസംതോറും ലഭ്യമാകുന്നത്. മനോരോഗ ഔഷധ ചികിത്സ, മനശ്ശാസ്ത്ര ചികിത്സ, സാമൂഹ്യ പുനരധിവാസ ചികിത്സ ഒക്കെയും ഇത്തരത്തിൽ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ് .അൻപതിനായിരത്തോളം മാനസിക രോഗികൾക്ക് ഇത്തരത്തിൽ ചികിത്സയും തുടർ ചികിത്സയും ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്. ഇതിനു പുറമെ സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി 400 ഓളം ഗ്രാമപഞ്ചായത്തുകളിൽ ഇതുവരെ നടപ്പിലാക്കുകയുണ്ടായി. ഇതുവഴി 19,769 രോഗികളെ പുതുതായി ചികിത്സയിൽ എത്തിക്കുകയും. 27,628 രോഗികൾക്ക് അവരുടെ തൊട്ടടുത്തുള്ള കുടംബാരോഗ്യ കേന്ദ്രത്തിൽ തന്നെ തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള സാമൂഹ്യ മാനസികാരോഗ്യ പരിപാടി മാനവവിഭവശേഷി വർദ്ധിപ്പിച്ച് ശാക്തീകരിക്കുവാനും, കൂടുതൽ ജില്ലാ - താലൂക്ക് ആശുപത്രികളിൽ സൈക്യാട്രി യൂണിറ്റുകൾ ആരംഭിക്കുവാനുമാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. |
| (ഡി) | മാസികാരോഗ്യകേന്ദ്രങ്ങളുടെ സമഗ്ര പരിഷ്കരണത്തിന് നടപടി സ്വീകരിക്കുമോ? | (ഡി) | മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും, ശുപാർശകൾ സമർപ്പിക്കുവാനുമായി സർക്കാർ ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട് . തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ സ.ഉ.(സാധാ) നം. 1140/2022/ആ.കു.വ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ ആദ്യയോഗം 27/05/2022 -ന് കൂടുകയുണ്ടായി. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് KITCO എന്ന ഏജൻസി -യെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 98,37,30,298/- |

| | | | | |
|---|---|---|---|---|
| | | | | രൂപക്കുളള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നിർവഹണ ഏജൻസിയായ ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ചെയ്തു വരുന്നു. കാലപ്പഴക്കം വന്നിട്ടുള്ള പഴയ ചുറ്റുമതിലിനു പകരം പുതിയ ചുറ്റമതിൽ നിർമ്മാണം 1050 മീറ്ററോളം പൂർത്തീകരിച്ചിട്ടുണ്ട്. 5 നിലകളുള്ള മോഡേൺ സൈക്യാട്രി വാർഡിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് പഴക്കം ചെന്ന വാർഡുകൾ ഓരോ വർഷവും അറ്റകുറ്റ പണികൾ ചെയ്തു വരുന്നുണ്ട്. കൂടാതെ എം .എൽ.എ. ഫണ്ട് ഉപയോഗിച്ച് ഇന്റേണൽ റോഡുപണി പൂർത്തിയാക്കിയിട്ടുണ്ട്. ഐസൊലേഷൻ വാർഡിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു .<br><br>കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രത്തിന്റെ നവീകരണത്തിനായി ഡി.പി.ആർ. തയ്യാറാക്കി, മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു .അംഗീകൃത ഏജൻസിയായ KITCO മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് . 21/06/2022 -ലെ സ.ഉ. (കൈ) നം. 126/2022/ആ.കു.വ. ഉത്തരവ് പ്രകാരം കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 2 ക്ലാർക്ക്, 4 ഹോസ്പിറ്റൽ അറ്റൻഡന്റ്, 3 കുക്ക് എന്നി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളുടെയും സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ